KSEB

15 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

കോവിഡ് - 19 പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി ശനിയാഴ്ചകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അവധി ദിനങ്ങളായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഓർഡർ (സി.എം.ഡി) നം. 899/2020(പി.എസ്.1(ബി)/കോവിഡ് - 19/മുൻകരുതൽ/2020

തിരുവനന്തപുരം, തീയതി : 19.06.2020

പരാമർശം : 1) സ.ഉ.(കൈ) നം. 112/2020/പൊ.ഭ.വ. തീയതി 07.06.2020.

## ഉത്തരവ്

കോവിഡ് - 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരുകൾ പ്രഖ്യാപിച്ച സമ്പൂർണ്ണ ലോക്ഡൗൺ മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇളവുകൾ അനുവദിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഞായറാഴ്ചകൾ സമ്പൂർണ്ണ ലോക്ഡൗൺ ദിനങ്ങളായി തുടരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സംസ്ഥാന സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും ശനിയാഴ്ചകൾ പ്രവൃത്തി ദിനങ്ങളായിരിക്കില്ല എന്ന് ഉത്തരവായിട്ടുണ്ട്.

ഞായറാഴ്ചകൾ സമ്പൂർണ്ണ ലോക്ഡൗൺ ദിനങ്ങളായി തുടരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാർക്ക് നിത്യോപയോഗസാധനങ്ങൾ സുരക്ഷിതമായി വാങ്ങുന്നതിനും വ്യക്തിപരമായ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനും സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ശനിയാഴ്ചകൾ പ്രവൃത്തി ദിനങ്ങളായിരിക്കില്ല എന്ന് ഉത്തരവാകുന്നു.

എന്നിരുന്നാലും വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ മേഖലകളുടെ തടസ്സരഹിതമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഓഫീസ് മേധാവികൾ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. കൂടാതെ കഴിയുന്നത്ര മേഖലകളിലെ ജീവനക്കാർ ശനിയാഴ്ചകളിൽ വീട്ടിലിരുന്ന് ഓഫീസ് ജോലികൾ ചെയ്യേണ്ടതും അതാത് ഓഫീസ് മേധാവികളുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആവശ്യമെങ്കിൽ ഓഫീസുകളിൽ ഹാജരാകേണ്ടതുമാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ഉണ്ണികൃഷ്ണൻ പി.ജി**
**സെക്രട്ടറി (ഭരണം)**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർ മാർക്കും
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാർക്കും.
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)

ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ &എസ്.ഒ,)
ടി. എ ടു ഡയറക്ടർ (സി.പി & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ & സിവിൽ}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്